"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട മാരാമൺ എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ലെ റ്റി.എസ്.എ. (മലയാളം) ശ്രീമതി ഷെറിൻ ആനി ജോസഫ് ഫയൽ ചെയ്ത റിട്ട് ഹർജി 39512/2025 മേലുള്ള 24.10.2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4513/2026/GEDN തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. ശ്രീമതി ഷെറിൻ ആനി ജോസഫ് സമർപ്പിച്ച 31.10.2025 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-14)
2. റിട്ട് ഹർജി 39512/2025 മേലുള്ള 24.10.2025 ലെ വിധിന്യായം.
3. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19.12.2025 ലെ DEOTVL/1473/2024-B1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 22.12.2025 ലെ ഇ.റ്റി. 3/24088/25/ഡി.ജി.ഇ. നമ്പർ കത്ത്.
5. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22.12.2025 ലെ DDEPTA/4118/2025-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട മാരാമൺ എ.എം.എം.ടി.ടി.ഐ. & യു.പി.എസ്. ലെ ശ്രീമതി ഷെറിൻ ആനി ജോസഫ് ഹയർ ഗ്രേഡ് പ്രൊമോഷൻ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ഫയൽ ചെയ്ത റിട്ട് ഹർജി **39512/2025** ലെ **24/10/2025** തീയതിയിലെ വിധിന്യായ പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ **23/12/2025** തീയതിയിൽ വാദം കേട്ടു.

2.ഹർജിക്കാരി ശ്രീമതി ഷെറിൻ ആനി ജോസഫ് ന്റെ വാദഗതികൾ ചുവടെപ്പറയും പ്രകാരമാണ്.

"മാരാമൺ എ.എം.എം.ടി.ടി.ഐ. & യു.പി. സ്കൂളിൽ 20/06/2016 മുതൽ ഹർജിക്കാരി ടി.എസ്.എ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും നിയമനതീയതി മുതൽ നിയമനാംഗീകാരം ലഭിച്ച് സേവനത്തിൽ തുടർന്ന് വരവെ ടി മാനേജ്മെന്റിനു കീഴിലുള്ള മാരാമൺ എം.എം.എ. ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എച്ച്.എസ്.ടി മലയാളം തസ്തിക റദ്ദാക്കുകയുണ്ടായി. അതോടൊപ്പം തന്നെ

എ.എം.എം.ടി.ടി.ഐ & യു.പി. സ്കൂളിലെ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ ഹർജിക്കാരി സേവനത്തിലിരുക്കുന്ന ടി.എസ്.എ തസ്ത്ിക അനുവദിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് മാരാമൺ എം.എം.എ. ഹൈസ്കൂളിലെ സീനിയർ എച്ച്.എസ്.റ്റി മലയാളം ശ്രീമതി ദീപ റേയ്ച്ചൽ ജോർജ്ജിനെ ടി സ്കൂളിൽ നിലനിർത്തുകയും സീനിയർ ശ്രീമതി സുനു ജോർജ്ജിനെ മാനേജർ ഹർജിക്കാരി സേവനത്തിലിരുന്ന എ.എം.എം.ടി.ടി.ഐ.&യു.പി. സ്കൂളിലെ ടി.എസ്.എ. തസ്തികയിലേക്ക് മാറ്റി നിയമിക്കുകയും തന്മൂലം ഹർജിക്കാരി സേവനത്തിൽ നിന്ന് പുറത്താകുകയും ചെയ്തു.

മാനേജരുടെ ടി ഉത്തരവിനെതിരെ ഹർജിക്കാരി ബഹു.ഹൈക്കോടതിയിൽ 23436/2018 നമ്പർ റിട്ട് ഹർജിയിൽ ഫയൽ ചെയ്യുകയും ടി റിട്ട് ഹർജിയിൽ 13/07/2018 പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൽ പൂർവ്വസ്ഥിതി (Statusquo) നിലനിർത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയും ടി.ടി.ഐ. & യു.പി. സ്കൂളിൽ സേവനത്തിൽ തുടർന്നു. ടി കേസിൽ 13/09/2018 ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജരുടെ ഉത്തരവ് ശരിവെച്ചും ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.

ടി ഉത്തരവിനെതിരായി ഹർജിക്കാരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 34590/2018 നമ്പർ റിട്ട് ഹർജിയിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരിയെ റ്റി.എസ്.എ. തസ്തികയിൽ റിട്രഞ്ച്മെന്റ് കൂടാതെ എല്ലാ സർവ്വീസ് ആനുകൂല്യത്തോടെയും തുടരാൻ അനുവദിച്ച് ഉത്തരവായി. ടി വിധിന്യായത്തിനെതിരെ ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1365/2019 നമ്പർ റിട്ട് അപ്പീലിന്മേൽ ബഹു. കോടതി 18/11/2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിരസിക്കുകയും ടി.എസ്.എ തസ്തികയും എച്ച്.എസ്.എ തസ്തികയും തത്തുല്യമല്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെ ടി.എസ്.എ. തസ്തികയിൽ നിലനിർത്തി തൽഫലമായി ലഭിക്കേണ്ട ശമ്പള കുടിശ്ശിക അടക്കമുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു.

ഇതിനിടയിൽ ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജ് ഹർജിക്കാരിയുടെ ടി.എസ്.എ. നിയമനം തന്നെ ചോദ്യം ചെയ്ത് ടി നിയമനം റദ്ദാക്കണമെന്നപേക്ഷിച്ച് ബഹു.ഹൈക്കോടതിയിൽ 35133/2019 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. ടി റിട്ട് ഹർജിയിന്മേലുള്ള 19/12/2019-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജ് സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

മേൽപ്പറഞ്ഞ വിധിന്യായത്തിന്റെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 15/07/2018 മുതൽ ഹർജിക്കാരിക്ക് തുടർച്ചയായ സേവനവും ശമ്പളവും ആനുകൂല്യങ്ങളും 7 വർഷ സേവനകാലത്തിനുള്ള ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനും Ext.P-11 പ്രകാരം അനുവദിക്കുകയും ചെയ്തു. എന്നാൽ Ext.P-11 ശമ്പള നിർണ്ണയ പ്രകാരമുള്ള ശമ്പളം സ്പ്ാർക്ക് മുഖേന ലഭിക്കുന്നതിന് അംഗീകാരത്തിനായി പ്രഥമാദ്ധ്യാപിക ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുകൂല തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതിനെതിരെ ഹർജിക്കാരി വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് "05/06/2006 മുതൽ നിയമനാംഗീകാരമുള്ള ശ്രീമതി ദീപ റേയ്ച്ചൽ ജോർജ്ജിന്റെ ലാവണം അനുയോജ്യമായ തസ്തികയിൽ ക്രമീകരിച്ച് സർവ്വീസ് ക്രമപ്പെടുത്തുന്നതിന് മാനേജരുടെ ഭാഗത്ത് നിന്നും നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടി

വിഷയത്തിൽ ഉത്തരവ് നൽകുവാൻ സാധിക്കുകയില്ല. കൂടാതെ ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകുകയും ചെയ്ത സാഹചര്യത്തിൽ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ഈ ഓഫീസിൽ നിന്നും സാധിക്കുകയില്ല. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷെറിൻ ജോസഫിന്റെ പരാതിയിൽ ലാവണം ക്രമീകരിക്കുന്നതിന് മാനേജരുടെ ഭാഗത്ത് നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതായിരിക്കും എന്ന് ഉത്തരവാകുന്നു." എന്ന പരാമർശത്തോടെ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിന്മേലാണ് ഹർജിക്കാരി സർക്കാർ മുമ്പാകെ റിവിഷൻ ഹർജിയും ബഹു.ഹൈക്കോടതിയിൽ 39512/2025 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തത്. ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ സ്കെയിലിൽ 01/07/2023 മുതലുള്ള ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്നതാണ് Ext.P-14 റിവിഷൻ ഹർജിയിലെ അപേക്ഷ.

ഹർജിക്കാരി റ്റി.എസ്.എ. മലയാളം തസ്തികയിൽ വിരമിക്കൽമൂലമുണ്ടായ റഗുലർ വേക്കൻസിയിൽ 20/06/2016 മുതൽ അംഗീകാരത്തോടെ സേവനത്തിലിരിക്കെ മാരാമൺ എം.എം.എ. ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എച്ച്.എസ്.റ്റി, മലയാളം തസ്തിക നഷ്ടമായതിനെ തുടർന്ന് റിട്രെഞ്ച്മെന്റ് ഒഴിവാക്കുന്നതിനായി ശ്രീമതി ദീപ റേയ്ച്ചൽ ജോർജ്ജിനെ എ.എം.എ ടി.ടിഐ & യു.പി. സ്കൂളിലെ ടി.എസ്.എ വേക്കൻസിയിൽ ക്രമീകരിച്ച മാനേജരുടെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ല എന്നത് Ext.P-7 മുതൽ Ext.P-10 വരെയുള്ള വിധിന്യായത്തിന്റെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ തീർപ്പാക്കപ്പെട്ടിട്ടുള്ളതാണ്.

Ext.P-7, P8 വിധിന്യായത്തിൽ ടി.എസ്.എ തസ്തികയും എച്ച്.എസ്.എ തസ്തികയും തുല്യമായുള്ളതല്ല എന്നും പരസ്പരം മാറ്റി നിയമിക്കാനാവുന്നതല്ല എന്നും 2018-19 -ലെ Ext.P-2 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഹർജിക്കാരിയെ റിട്രെഞ്ച് ചെയ്യേണ്ടതില്ല എന്നും എല്ലാവിധ ആനുകൂല്യങ്ങളോടും കൂടി ടി.എസ്.എ തസ്തികയിൽ എ.എം.എം. ടി.ടി.ഐ & യു.പി. സ്കൂളിൽ തുടരാവുന്നതാണെന്നും അസന്നിഗ്ധമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ Ext.P-9 പ്രകാരം ശമ്പള കുടിശ്ശിക ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യത്തോടെയും മുഴുവൻ സേവനകാലവും തടസ്സമില്ലാതെ തുടർച്ചയായ സേവനകാലമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുള്ളതും 20/06/2016 മുതൽ തുടർച്ചയായുള്ള ടി സേവനകാലം കണക്കിലെടുത്ത് 20/06/2023 തീയതി പ്രാബല്യത്തിൽ Ext.P-11 ഉത്തരവ് പ്രകാരം ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ അനുവദിച്ചിട്ടുള്ളതുമാണ്. ഇക്കാരണത്താൽ ഹയർ ഗ്രേഡിന് അനുസൃതമായ ശമ്പളവും ആനുകൂല്യങ്ങളും തടഞ്ഞുവെക്കുന്നത് നീതീകരണമില്ലാത്ത നടപടിയാണ്.

ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജിന്റെ ലാവണക്രമീകരണം ഹർജിക്കാരിയുടെ ഗ്രേഡ് പ്രൊമോഷനുമായി ഒരുതരത്തിലും ബന്ധിപ്പിക്കേണ്ട വിഷയമല്ല. സീനിയറായ ശ്രീമതി സുനു ജോർജ്ജ് (എച്ച്.എസ്.റ്റി. മലയാളം) നെ എം.എം.എ. ഹയർ സെക്കന്ററി സ്കൂളിൽ ലഭ്യമായിട്ടുള്ള അംഗീകൃത എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ ചട്ടപ്രകാരം നിലനിർത്തി ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ റിട്രെഞ്ച്ഡ് ആകേണ്ട (നിലവിൽ പുനർ വിന്യാസത്തിൽ തുടരുന്ന) ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജിന്റെ ലാവണം ക്രമീകരിക്കുന്നതിന് ടി സ്കൂളിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാളുടെ റിട്രെഞ്ച്ഡ് കാലയളവ് ജി.ഒ.(പി)നം.7/2022/പൊ.വി.വ തീയതി 20/06/2022-ലെ വ്യവസ്ഥകൾ പ്രകാരം നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കാനല്ലാതെ മറ്റ് ബദൽ മാർഗ്ഗങ്ങൾ ലഭ്യമല്ല. അതിനാൽ Ext.P-12

ഉത്തരവിലെ വാദം നിരർത്ഥകമാണ്.

ശ്രീമതി ദീപാ റേയ്ച്ചൽ ജോർജ്ജിന്റെ റിട്രെഞ്ച്ഡ് കാലയളവിലെ ലാവണം ക്രമീകരിക്കുന്നതും ടിയാൾ അനധികൃതമായി എം.എം.എ. ഹൈസ്കൂളിൽ നിന്നും കൈപ്പറ്റിയ ശമ്പളം വസൂലാക്കുന്നതും ഹർജിക്കാരിയുടെ അംഗീകാരം ലഭിച്ച ഗ്രേഡ് പ്രൊമോഷനും അതിൻപ്രകാരം അർഹമായ ശമ്പളം അനുവദിക്കുന്നതും വ്യത്യസ്തവും വേറിട്ടതുമായ വിഷയങ്ങളാണ്. ആയത് ഹർജിക്കാരിയുടെ ഗ്രേഡ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു തരത്തിലും തടസ്സമുന്നയിക്കേണ്ട വിഷയമല്ല. അതിനാൽ Ext.P-12 ഉത്തരവിലെ തടസ്സവാദം നിരർത്ഥകവും നിയമപരമായി അടിസ്ഥാനമില്ലാത്തതുമാണ്.

മേൽ വിവരിച്ച കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെടുന്ന മറ്റ് കാരണങ്ങളും പരിഗണിച്ച് ഹർജിക്കാരിക്ക് Ext.P-11 ഉത്തരവ് പ്രകാരം 20/06/23 തീയതി പ്രാബല്യത്തിൽ അനുമതി ലഭിച്ച ഒന്നാമത്തെ ഹയർ ഗ്രേഡ് പ്രമോഷൻ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

"പത്തനംതിട്ട മാരാമൺ എ.എം.എം. റ്റി.റ്റി.ഐ. & യു.പി.എസ്. ലെ റ്റി.എസ്.എ. (മലയാളം) ആയ ശ്രീമതി ഷെറിൻ ആനി ജോസഫ് ന്റെ ഗ്രേഡ് അനുവദിച്ചുകൊണ്ട് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് എച്ച്.എം. ന്റെ 08/05/2024 ലെ നമ്പർ 24/2024 കത്ത് പ്രകാരം ശ്രീമതി ഷെറിൻ ആനി ജോസഫിന്റെ ഗ്രേഡ് SPARK ൽ authenticate ചെയ്യുന്നതിനായി അപേക്ഷ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പരിശോധിക്കവേ ഇതേ സ്കൂളിലെ എച്ച്.എസ്.റ്റി. മലയാളം അധ്യാപിക ശ്രീമതി സുനു ജോർജ്ജിന്റെ ഗ്രേഡ് അപേക്ഷ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചു. ശ്രീമതി സുനു ജോർജിന്റെ സേവന പുസ്തകം പരിശോധിക്കവേ എം.എം.എ. എച്ച്.എസ്. മാരാമൺ ൽ 2018-19 വർഷത്തെ തസ്തിക നിർണ്ണകയത്തിൽ ഒരു എച്ച്.എസ്.റ്റി. (മലയാളം) തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് പുനഃക്രമീകരണങ്ങൾ നടന്നിട്ടുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ മുൻ ഫയലുകൾ പരിശോധിച്ചു. ടി സ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു എച്ച്.എസ്.റ്റി. (മലയാളം) തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്നുള്ള പുനഃക്രമീകരണങ്ങളുടെ ഭാഗമായി വിവിധ കോടതി ഉത്തരവുകളിലൂടെയും സർക്കാർ ഉത്തരവുകളിലൂടെയും ശ്രീമതി സുനു ജോർജ്, ശ്രീമതി ഷെറിൻ ആനി ജോസഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിന് അനുകൂല ഉത്തരവുകൾ ലഭിച്ചിരുന്നു. എന്നാൽ തസ്തിക നിർണയത്തിന്റെ ഭാഗമായി തസ്തിക നഷപ്പെട്ടതായി കണക്കാക്കി മാനേജർ സേവനത്തിൽ നിന്നും പുറത്താക്കിയത് ശ്രീമതി ഷെറിൻ ആനി ജോസഫിനെ ആണ്. ശ്രീമതി ഷെറിൻ ആനി ജോസഫ് 20/10/2018 മുതൽ 14/07/2019 വരെ പുറത്തു നിന്ന കാലയളവിലെ ശമ്പളം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആണ് നൽകിയിരിക്കുന്നത്.

തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ശ്രീമതി ഷെറിൻ ആനി ജോസഫ് ന്റെ ഗ്രേഡ് സ്പാർക്ക് മുഖേന authenticate ചെയ്തു നൽകാത്തതിനെ തുടർന്ന് ടിയാൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. 05/06/2006 മുതൽ നിയമനാംഗീകാരം ഉള്ള ശ്രീമതി ദീപ റേച്ചൽ ജോർജിന്റെ ലാവണം അനുയോജ്യമായ

തസ്തികയിൽ ക്രമീകരിച്ച് സർവ്വീസ് ക്രമപ്പെടുത്തുന്നതിന് മാനേജരുടെ ഭാഗത്തുനിന്നും നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ ഉത്തരവ് നൽകുവാൻ സാധിക്കുകയില്ല എന്നും ലാവണം ക്രമീകരിക്കുന്നതിന് മാനേജരുടെ ഭാഗത്തുനിന്നും അപേക്ഷ ലഭിക്കാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല എന്നും DDEPTA/4187/2024-B3 നമ്പർ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീമതി ഷെറിൻ ആനി ജോസഫ് ബഹു. സർക്കാരിൽ റിവിഷൻ ഹർജി നൽകിയിരിക്കുന്നത്.

മാരാമൺ മാർത്തോമ സ്കൂൾസ് മാനേജ്മെന്റിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ഉം എം.എം.എ.എച്ച്.എസ്. ഹൈസ്കൂളും. ശ്രീമതി ഷെറിൻ ആനി ജോസഫ് 20/06/2016 മുതൽ എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ൽ ടീച്ചർ എഡ്യൂക്കേറ്റർ ആയി സേവനത്തിൽ പ്രവേശിച്ചു. ശ്രീമതി ഷെറിൻ ആനി ജോസഫ് ന്റെ ടീച്ചർ എഡ്യൂക്കേറ്റർ തസ്തികയിലെ 20/06/2016 മുതൽ ഉള്ള നിയമനം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 12/12/2017 ലെ ഉത്തരവ് B1/4966/2016 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2018-19 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ എം.എം.എ. മാരാമൺ ഹൈസ്കൂളിൽ കുട്ടികളുടെ കുറവുമൂലം ഒരു എച്ച്.എസ്.റ്റി (മലയാളം) തസ്തിക നഷ്ടമായി. സ്കൂൾ മാനേജർ എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ൽ റ്റി.എസ്.എ. മലയാളം തസ്തികയിൽ സേവനത്തിലിരുന്ന ശ്രീമതി ഷെറിൻ ആനി ജോസഫിനെ പുറത്താക്കി എം.എം.എ. മാരാമൺ ഹൈസ്കൂളിലെ രണ്ട് എച്ച്.എസ്.എ. മലയാളം അധ്യാപകരിൽ സീനിയർ ആയ ശ്രീമതി സുനു ജോർജ് നെ, റ്റി.എസ്.എ. (മലയാളം) തസ്തികയിൽ എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ലേക്ക് മാറ്റി നിയമിക്കുകയും 05/06/2006 മുതൽ സ്ഥിരനിയമനം ഉള്ള ജൂനിയർ അദ്ധ്യാപിക ശ്രീമതി ദീപ റേച്ചൽ ജോർജ് നെ എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ എം.എം.എ. ഹൈസ്കൂൾ മാരാമണിൽ നിലനിർത്തുകയും ചെയ്തു. സംരക്ഷണത്തിന് അർഹതയില്ലാതെ സേവനത്തിൽ നിന്നും പുറത്തായതിനെ തുടർന്ന് ശ്രീമതി ഷെറിൻ ആനി ജോസഫ് ബഹു: ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ 23436/2018 ആയി ഫയൽ ചെയ്തു. ആയതിന്റെ 13/09/2018 ലെ വിധിന്യായ പ്രകാരം ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് കേട്ട് തീരുമാനം എടുക്കുന്നതിനു ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം ലഭിക്കുകയുണ്ടായി. തുടർന്ന് ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് കേൾക്കുകയും ശ്രീമതി ഷെറിൻ ആനി ജോസഫിനെ പുറത്താക്കി ശ്രീമതി സുനു ജോർജിനെ നിലനിർത്തിയ മാനേജരുടെ നടപടി ശരിവെച്ച് 15/10/2018 തീയതിയിലെ B1/5839/2018/KDis നമ്പർ ഉത്തരവ് പ്രകാരം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നൽകിയിരുന്നു.

ടി ഉത്തരവിനെതിരെ ശ്രീമതി ഷെറിൻ ആനി ജോസഫ് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി നമ്പർ 34590/2018 ഫയൽ ചെയ്തു. ആയതിന്റെ 04/04/2019 ലെ വിധിന്യായത്തിൽ റ്റി.എസ്.എ/എച്ച്.എസ്.എ തസ്തികകൾ മാറ്റി നിയമിക്കാവുന്നതല്ല എന്നും 2018-19 വർഷം തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ശ്രീമതി ഷെറിൻ ആനി ജോസഫ് retrench ചെയ്യപ്പെടേണ്ടതല്ല എന്നും ഹർജിക്കാരിക്ക് എല്ലാവിധ ആനുകൂല്യത്തോടെ റ്റി.എസ്.എ തസ്തികയിൽ തുടരാം എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഇതിനെതിരെ ശ്രീമതി ദീപ റേച്ചൽ ജോർജ് ഡിവിഷൻ ബെഞ്ച് മുൻപാകെ റിട്ട് ഹർജി 1365/2019 ഫയൽ ചെയ്തു. എന്നാൽ 18/11/2019 ലെ പ്രസ്തുത റിട്ട് അപ്പീലിലെ വിധിന്യായത്തിൽ

സിംഗിൾ ബെഞ്ച് വിധി ശരിവയ്ക്കുകയും ശ്രീമതി ദീപ റേച്ചൽ ജോർജ് ന്റെ റിട്ട് അപ്പീൽ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ശ്രീമതി ദീപ റേച്ചൽ ജോർജ്ജ് സർക്കാരിന് മുമ്പാകെ ഹർജിക്കാരിയുടെ നിയമനംഗീകാരം റദ്ദാക്കണമെന്ന് 07/12/2019 ൽ ടി റിവിഷൻ ഹർജിയും ബഹു: ഹൈക്കോടതിയിൽ 35133/2019 റിട്ട് ഹർജിയും ഫയൽ ചെയ്തു. ടി റിട്ട് ഹർജിയിന്മേൽ ബഹു:ഹൈക്കോടതി 19/12/2019 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജി നിരസിച്ച് കൊണ്ട് സ.ഉ.(സാധാ)നം.2990/2020/പൊ.വി.വ. തീയതി 04/11/2020 ഉത്തരവ് പുറപ്പെടുവിച്ചു.

മേൽ വിവരിച്ച തർക്ക കാലയളവിൽ മാരാമൺ എം.എം.എ. എച്ച്.എസ്.എസ്. ൽ നിന്നും നിലനിർത്തിയ ശ്രീമതി ദീപ റേച്ചൽ ജോർജ്ജ് 14/07/2019 വരെ എ.എം.എം.എച്ച്.എസ്.എസിൽ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് 15/07/2019 മുതൽ ശ്രീമതി ദീപ റേച്ചൽ ജോർജ്ജിനെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ യുടെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് ബി.ആർ.സി. യിലേക്ക് പുനർവിന്യസിച്ച് ഉത്തരവായിരുന്നു. തുടർന്ന് 06/06/2022 ലെ സ.ഉ.(സാധാ)നം.3415/2012/പൊ.വി.വ. ഉത്തരവ് പ്രകാരം ശ്രീമതി ദീപ റേച്ചൽ 20/10/2018 മുതൽ 14/07/2019 വരെ കൈപ്പറ്റിയ ശമ്പളം കോർപ്പറേറ്റ് മാനേജരിൽ നിന്നും ഈടാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്പർ ബി1/4376/2018 തീയതി 04/07/2022 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് അറിയിപ്പ് നൽകുകയും ചെയ്തു. ടി ഉത്തരവിനെതിരെ മാനേജർ ബഹു:ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ 25492/2022 ഫയൽ ചെയ്യുകയും ടി ഹർജി ഇപ്പോൾ ഹൈക്കോടതിയിൽ പരിഗണനയിലുമാണ്. അതിനാൽ ടി തുക മാനേജരിൽ നിന്നും ഈടാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീമതി സുനു ജോർജ്, ശ്രീമതി ദീപ റേച്ചൽ ജോർജ്ജ്, ശ്രീമതി ഷെറിൻ ആനി ജോസഫ് എന്നിവരെ പുനഃക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വസ്തുതകൾ ബോധിപ്പിച്ചു കൊള്ളുന്നു.

ശ്രീമതി സുനു ആനി ജോർജ് 05/06/2000 മുതൽ എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ തുടർച്ചയായ സേവനം ഉള്ള അധ്യാപികയാണ്. ശ്രീമതി ദീപ റേച്ചൽ ജോർജിന് 05/06/2006 മുതൽ എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ തുടർച്ചയായ സേവനം ഉണ്ട്. ശ്രീമതി ഷെറിൻ ആനി ജോസഫ് 20/06/2016 പ്രാബല്യം മുതൽ എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. ൽ റ്റി.എസ്.എ. മലയാളം തസ്തികയിലേക്ക് നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്നു.

2018-19 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ എം.എം.എ. മാരാമൺ ഹൈസ്കൂളിൽ കുട്ടികളുടെ കുറവുമൂലം ഒരു എച്ച്.എസ്.റ്റി. (മലയാളം) തസ്തിക നഷ്ടമായി സ്കൂൾ മാനേജർ രണ്ട് എച്ച്.എസ്.റ്റി. മലയാളം അധ്യാപകരിൽ ജൂനിയറായ ശ്രീമതി ദീപ റേച്ചൽ ജോർജിനെ എം.എം.എ. മാരാമൺ ഹൈസ്കൂളിൽ നിലനിർത്തുകയും എ.എം.എം.റ്റി.റ്റി.ഐ & യു.പി.എസ്. ൽ റ്റി.എസ്.എ. മലയാളം തസ്തികയിൽ സേവനത്തിലിരുന്ന ശ്രീമതി ഷെറിൻ ആനി ജോസഫിനെ പുറത്താക്കി സീനിയർ ആയ എച്ച്.എസ്.റ്റി. മലയാളം അധ്യാപിക ശ്രീമതി സുനു ജോർജ് നെ, ടി.എസ്.എ (മലയാളം) തസ്തികയിൽ എ.എം.എം. റ്റി.റ്റി.ഐ. & യു.പി.എസ്. ലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

ഹൈസ്കൂൾ അധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് KER ചട്ടങ്ങൾ പ്രകാരവും ട്രെയിനിംഗ് സ്കൂൾ അസിസ്റ്റന്റ് മാരുടെ യോഗ്യത നിശ്ചയിക്കുന്നത് NCTE മാനദണ്ഡങ്ങൾ പ്രകാരവുമാണ്. 2009-2010 അധ്യയന വർഷം മുതൽ സർക്കാർ/എയ്ഡഡ് ടി.ടി.ഐ. കളിൽ ഉണ്ടാകുന്ന പ്രിൻസിപ്പാളിന്റെയും അധ്യാപകരുടെയും

ഒഴിവുകളിലേക്കുള്ള നിയമനത്തിന് 55% മാർക്കോട് കൂടി ബിരുദാനന്തര ബിരുദവും M.Ed./B.Ed. ഉം ആണ് യോഗ്യതയായി നിശ്ചയിച്ചിരുന്നത്. എന്നാൽ എച്ച്.എസ്.റ്റി. തസ്തികയിലേക്കുള്ള നിയമനത്തിന് ബിരുദവും B.Ed. ഡിഗ്രിയുമാണ് യോഗ്യതയായി കണക്കാക്കുന്നത്. അപ്രകാരം നിയമനത്തിൽ വ്യത്യസ്ത യോഗ്യതാ മാനദണ്ഡങ്ങൾ പുലർത്തുന്ന രണ്ട് തസ്തികകളെ സമാന തസ്തികകളായി കണക്കാക്കാൻ സാധിക്കുകയില്ല. എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി സുനു ജോർജിന് തസ്തിക നഷ്ടം സംഭവിച്ചപ്പോൾ 2018-2019 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച നൽകിയ എച്ച്.എസ്.റ്റി. മലയാളം തസ്തികയിലേക്ക് ടിയാളെ ക്രമീകരിക്കുകയും ശ്രീമതി ദീപ റേച്ചൽ ജോർജിന് സംരക്ഷണാനുകൂല്യം ലഭ്യമാണെന്നതിനാൽ സ്കൂളിൽ ടിയാളെ നിലനിർത്താൻ തസ്തിക ഇല്ലെന്നിരിക്കെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ച് ടിയാളെ ഉചിതമായി പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയായിരുന്നു മാനേജർ ചെയ്യേണ്ടിയിരുന്നത്. ആയതിനു പകരം ജൂനിയർ അധ്യാപികയെയും സീനിയർ അധ്യാപികയെയും തസ്തിക മാറ്റി ക്രമീകരിക്കുകയും അധ്യാപികയെ അനുവദിക്കപ്പെട്ട എച്ച്.എസ്.റ്റി. മലയാളം തസ്തികയിൽ നിലനിർത്തുകയും ചെയ്ത മാനേജരുടെ നടപടി ക്രമപ്രകാരമല്ലാത്തതായി കാണുന്നു. ശ്രീമതി ഷെറിൻ ആനി ജോസഫിനെ ടിയാൾക്ക് അർഹമായ തസ്തികയിൽ നിന്നും മാനേജർ പുറത്താക്കിയതിനെ തുടർന്ന് 01/10/2018 മുതൽ 08/07/2019 വരെ ടിയാൾ ജോലിക്ക് ഹാജരായിട്ടില്ല. എന്നാൽ ടിയാളെ പുറത്താക്കിയ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ മേൽ പറഞ്ഞ കാലയളവിലെ ശമ്പളം ടിയാൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാലയളവ് കൂടി കണക്കിലെടുത്താണ് ശ്രീമതി ഷെറിൻ ആനി ജോസഫിന് 7 വർഷത്തെ ഹയർ ഗ്രേഡ് അനുവദിച്ച് നൽകിയത്. അർഹമായ കാലയളവ് ആയിട്ടുകൂടി മാനേജർ ക്രമപ്രകാരമല്ലാതെ പുറത്താക്കിയത് മൂലമാണ് 01/10/2018 മുതൽ 08/07/2019 വരെ ടിയാൾക്ക് ജോലിക്ക് ഹാജരാകാൻ കഴിയാതെ വന്നത്. ടിയാൾ മേൽപ്പറഞ്ഞ കാലയളവിൽ ജോലിക്ക് ഹജരാകുകയോ ഹാജർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി കാലയളവ് കൂടി കണക്കാക്കി ഹയർ ഗ്രേഡ് അനുവദിച്ചതിൽ അപാകതയുള്ളതായി കാണുന്നു. ആയതിനാൽ ടിയാൾ പുറത്ത് നിന്ന 01/10/2018 മുതൽ 08/07/2019 വരെയുള്ള കാലയളവ് റ്റി.എസ്.എ. തസ്തികയിൽ മാനേജർ ലാവണം ക്രമീകരിച്ച് ഉത്തരവ് ഹാജരാക്കുകയും ആയത് അംഗീകരിച്ച് നൽകുകയും ചെയ്താൽ മാത്രമേ ശ്രീമതി ഷെറിൻ ആനി ജോസഫിന് ഹയർ ഗ്രേഡ് അനുവദിച്ച നൽകിയ ഉത്തരവിന് സാധുതയുണ്ടാകു എന്നത് ഇതിനാൽ റിപ്പോർട്ട് ചെയ്യുന്നു. മേൽ നടപടി ക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ടിയാളുടെ ഹയർ ഗ്രേഡ് ശമ്പള സ്കെയിലും ആയതിനു അനുസൃതമായ അടിസ്ഥാന ശമ്പള വിവരവും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

മേൽ പ്രകാരം ശ്രീമതി ഷെറിൻ ആനി ജോസഫിന്റെ ലാവണം റ്റി.എസ്.എ. തസ്തികയിലേക്ക് ക്രമീകരിക്കപ്പെടുമ്പോൾ ടി തസ്തികയിലേക്ക് മാനേജർ നിലനിർത്തിയിരുന്ന ശ്രീമതി സുനു ജോർജിന്റെ ലാവണം എം.എം.എ.എച്ച്.എസ്. മാരാമണിൽ 2018-2019 വർഷം അനുവദിച്ചിരുന്ന എച്ച്.എസ്.റ്റി. മലയാളം തസ്തികയിലേക്ക് മാറ്റി ക്രമീകരിക്കുന്നതിനും അപ്രകാരം ക്രമീകരിക്കപ്പെടുമ്പോൾ തസ്തിക നഷ്ടപ്പെടുന്ന എച്ച്.എസ്.റ്റി. മലയാളം അദ്ധ്യാപിക ശ്രീമതി ദീപ റേച്ചൽ ജോർജിന് സംരക്ഷണാനുകൂല്യം ഉള്ളതിനാൽ ടിയാൾ ബി.ആർ.സി.യിലേക്ക് പുനർവിന്യസിക്കപ്പെടുന്നത് വരെയുള്ള കാലയളവിലെ ലാവണം ലഭ്യമായ ഒഴിവുകളിൽ ക്രമീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ

സമർപ്പിക്കുന്നതിനും മാനേജർക്ക് നിർദേശം നൽകുന്നത് സംബന്ധിച്ച കൂടി തീരുമാനം കൈക്കൊള്ളണമെന്ന വിവരം അറിയിക്കുന്നു."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2018-19 വർഷത്തിലെ തസ്തിക നിർണയത്തിൽ എം.എം.എ. മാരാമൺ ഹൈസ്കൂളിൽ കുട്ടികളുടെ കുറവുമൂലം ഒരു എച്ച്.എസ്.ടി. (മലയാളം) തസ്തിക നഷ്ടമായി. സ്കൂൾ മാനേജർ രണ്ട് എച്ച്.എസ്.ടി മലയാളം അധ്യാപകരിൽ ജൂനിയർ ആയ ശ്രീമതി ദീപ റേച്ചൽ ജോർജിനെ എം.എം.എ. മാരാമൺ ഹൈസ്കൂളിൽ നിലനിർത്തുകയും മാനേജ്മെന്റിന്റെ പരിധിയിലുള്ള എ.എം.എം.ടി.ടി.ഐ & യു.പി.എസിൽ ടി.എസ്.എ. മലയാളം തസ്തികയിൽ സേവനത്തിലിരുന്ന ശ്രീമതി ഷെറിൻ ആനി ജോസഫിനെ പുറത്താക്കി സീനിയർ ആയ മലയാളം അധ്യാപിക ശ്രീമതി സുനു ജോർജിനെ ടി.എസ്.എ (മലയാളം) തസ്തികയിൽ എ.എം.എം.ടി.ടി.ഐ & യു.പി.എസിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. ഹൈസ്കൂൾ അധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് KER ചട്ടങ്ങൾ പ്രകാരവും ട്രെയിനിങ് സ്കൂൾ അസിസ്റ്റന്റ് മാരുടെ യോഗ്യത നിശ്ചയിക്കുന്നത് NCTE മാനദണ്ഡങ്ങൾ പ്രകാരവുമാണ്. സർക്കാർ/എയ്ഡഡ് ടി.ടി.ഐ. കളിൽ ഉണ്ടാകുന്ന പ്രിൻസിപ്പാളിന്റെയും അധ്യാപകരുടെയും ഒഴിവുകളിലേക്ക് ഉള്ള നിയമനത്തിന് 55% മാർക്കോട് കൂടി ബിരുദാനന്തര ബിരുദവും M.Ed./B.Ed. ഉം ആണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ എച്ച്.എസ്.റ്റി. തസ്തികയിലേക്കുള്ള നിയമനത്തിന് ബിരുദവും B.Ed. ഡിഗ്രിയുമാണ് യോഗ്യതയായി കണക്കാക്കുന്നത്. അപ്രകാരം നിയമനത്തിൽ വ്യത്യസ്ത യോഗ്യത മാനദണ്ഡങ്ങൾ പുലർത്തുന്ന രണ്ട് തസ്തികകളെ സമാന തസ്തികൾ ആയി കണക്കാക്കുവാൻ സാധിക്കുകയില്ല എന്നതിനാൽ 2018-2019 വർഷത്തെ തസ്തിക നിർണയ ഉത്തരവുപ്രകാരം ഒരു എച്ച്.എസ്.ടി മലയാളം തസ്തിക നഷ്ടമായപ്പോൾ ശ്രീമതി ദീപ റേച്ചൽ ജോർജിന് സംരക്ഷണാനുകൂല്യം ലഭ്യമാണെന്നതിനാൽ സ്കൂളിൽ ടിയാളെ നിലനിർത്താൻ തസ്തിക ഇല്ലെന്നിരിക്കെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ച് ടിയാളെ ഉചിതമായി പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയായിരുന്നു മാനേജർ ചെയ്യേണ്ടിയിരുന്നത്. ആയതിനു പകരം എച്ച്.എസ്.റ്റി. മലയാളം ജൂനിയർ അധ്യാപികയെ തസ്തിക മാറ്റി റ്റി.എസ്.എ മലയാളം തസ്തികയയിൽ മാറ്റി ക്രമീകരിക്കുകയും റ്റി.എസ്.എ മലയാളം തസ്തികയയിൽ ജോലി ചെയ്തിരുന്ന അധ്യാപികയെ സേവനത്തിൽ നിന്നും പുറത്താക്കിയ മാനേജരുടെ നടപടി ക്രമപ്രകാരം ആയിരുന്നില്ല.

5.ശ്രീമതി ഷെറിൻ ആനി ജോസഫ് ബഹു:ഹൈക്കോടതിയിൽ 34590/2018 നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്യുകയും 04/04/2019 ലെ അന്തിമവിധിന്യായത്തിൽ ഹർജിക്കാരിയെ എല്ലാ ആനുകൂല്യത്തോടും കൂടി പി.എസ്.സി. തസ്തികയിൽ മാരാമൺ എ.എം.എം.ടി.ടി.ഐ & യു.പി.എസിൽ നിലനിർത്തി ഉത്തരവായിട്ടുണ്ട്. ശ്രീമതി ദീപ റേച്ചൽ ജോർജ് ഹൈക്കോടതിയിൽ 1365/2019 നമ്പർ ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും 18/11/2019-ലെ വിധിന്യായത്തിൽ നിരസിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ശ്രീമതി ഷെറിൻ ആനി ജോസഫിന്റെ അനുകൂല കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ റീട്രെഞ്ചുമെന്റ് ഒഴിവാക്കി എല്ലാ അനുകൂല്യത്തോട്ടു കൂടി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തർക്ക കാലയളവിൽ മാരാമൺ എം.എച്ച്.എസ്.എസ് നിലനിർത്തിയ ശ്രീമതി ദീപാ റേച്ചൽ ജോർജിന് 14/07/2019 വരെ മാരാമൺ എ.എം.എം.എച്ച്.എസ്.എസ്. നിന്നും ശമ്പളവും ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. അതേസമയം എ.എം.എം.ടി.ടി.ഐ & യു.പി. സ്കൂളിലേക്ക് സ്ഥലം

മാറ്റപ്പെട്ട സീനിയറായ ശ്രീമതി സുനു ജോർജിന് 01/10/2018 മുതൽ 15/07/2019 വരെ ശമ്പളം ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. 05/06/2022 ലെ G.O.(Rt)No.3415/2022/G.Edn ഉത്തരവുപ്രകാരം ശ്രീമതി ദീപ റേച്ചൽ ഇനി 20/10/2018 മുതൽ 14/07/2019 വരെ കൈപ്പറ്റിയ ശമ്പളം കോർപ്പറേറ്റ് മാനേജരിൽ നിന്നും ഈടാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദേശം നൽകിയിട്ടുണ്ട്. ഇതിനെതിരെ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 25492/2022 നമ്പർ റിട്ട് ഹർജിയിൽ അന്തിമ തീരുമാനം ആയിട്ടില്ല. അതിനാൽ ടി തുക മാനേജരിൽ നിന്നും ഈടാക്കാൻ കഴിഞ്ഞിട്ടില്ല.

6.നിലവിൽ ശ്രീമതി ഷെറിൻ ആനി ജോസഫിന്റെ ടി.എസ്.എ തസ്തികയിലെ ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ 20/06/2023 തീയതി പ്രാബല്യത്തിൽ (7 വർഷം) അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി ഷെറിൻ ആനി ജോസഫിന് ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് നൽകിയ ശേഷം ടിയാൾ പുറത്തുനിന്ന 01/10/2018 മുതൽ 08/07/2019 വരെയുള്ള കാലയളവ് റ്റി.എസ്.എ. തസ്തികയിൽ മാനേജർ ലാവണം ക്രമീകരിച്ച് ഉത്തരവ് ഹാജരാക്കിയത് അംഗീകരിച്ചതിനുശേഷം മാത്രമേ ഹയർ ഗ്രേഡ് അനുവദിച്ചു നൽകിയ ഉത്തരവിന് സാധ്യതയുണ്ടാകുവെന്നും അതിനുള്ള നടപടികൾ പൂർത്തിയാൽ മാത്രമേ ഇയാളുടെ ഹയർ ഗ്രേഡ് ശമ്പള സ്കെയിലും ആയതിനനുസൃതമായ അടിസ്ഥാന ശമ്പള വിവരവും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നുമാണ് വിദ്യാഭ്യാസ അധികൃതരുടെ നിലപാട്.

7.ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 34590/2018 മേലുള്ള 04.04.2019 ലെ വിധിന്യായത്തിൽ ഹർജിക്കാരിയെ റ്റി.എസ്.എ. തസ്തികയിൽ റിട്രഞ്ച്മെന്റ് കൂടാതെ എല്ലാ സർവ്വീസ് ആനുകൂല്യത്തോടെയും നിലനിർത്തുവാനാണ് ഉത്തരവായിരുന്നത്. ടി വിധിന്യായത്തിനെതിരെ വിദ്യാഭ്യാസ അധികാരികളാരും അപ്പീൽ ഫയൽ ചെയ്തിട്ടില്ല. ഹർജിക്കാരി പുറത്തുനിന്ന 01/10/2018 മുതൽ 08/07/2019 വരെയുള്ള കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളെല്ലാം അനുവദിച്ച് നൽകിയാണ് ടി വിധിന്യായം നടപ്പിലാക്കിയിട്ടുള്ളത്.

8.ശ്രീമതി ഷെറിൻ ആനി ജോസഫ് പുറത്ത് നിന്ന 01/10/2018 മുതൽ 08/07/2019 വരെയുള്ള കാലയളവ് TSA തസ്തികയിൽ മാനേജർ ലാവണം ക്രമീകരിച്ച് ഉത്തരവ് ഹാജരാക്കുകയും ആയത് അംഗീകരിച്ച് നൽകുകയും ചെയ്താൽ മാത്രമേ ശ്രീമതി ഷെറിൻ ആനി ജോസെഫിന് ഹയർ ഗ്രേഡ് അനുവദിച്ചു നൽകിയ ഉത്തരവിന് സാധുതയുണ്ടാകൂ. മേൽ നടപടി ക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ടിയാളുടെ ഹയർ ഗ്രേഡ് ശമ്പള സ്കെയിലും ആയതിനു അനുസൃതമായ അടിസ്ഥാന ശമ്പള വിവരവും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

9.മേൽ പ്രകാരം ശ്രീമതി ഷെറിൻ ആനി ജോസഫിന്റെ ലാവണം TSA തസ്തികയിലേക്ക് ക്രമീകരിക്കപ്പെടുമ്പോൾ ടി തസ്തികയിലേക്ക് മാനേജർ നിലനിർത്തിയിരുന്ന ശ്രീമതി സുനു ജോർജിന്റെ ലാവണം MMAHS മാരാമണിൽ 2018-2019 വർഷം അനുവദിച്ചിരുന്ന HST മലയാളം തസ്തികയിലേക്ക് മാറ്റി ക്രമീകരിക്കുന്നതിനും അപ്രകാരം ക്രമീകരിക്കപ്പെടുമ്പോൾ തസ്തിക നഷ്ടപ്പെടുന്ന HST മലയാളം അദ്ധ്യാപിക ശ്രീമതി ദീപ റേച്ചൽ ജോർജിന് സംരക്ഷണാനുകൂല്യം ഉള്ളതിനാൽ ടിയാൾ ബി ആർ സിയിലേക്ക് പുനർവിന്യസിക്കപ്പെടുന്നത് വരെയുള്ള കാലയളവിലെ ലാവണം ലഭ്യമായ ഒഴിവുകളിൽ ക്രമീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മാനേജർക്ക് നിർദേശം നൽകിയും മാനേജർ

ലാവണം ക്രമീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ അധികാരികൾക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10.മേൽപ്രകാരം എക്സിബിറ്റ് പി-14 റിവിഷൻ ഹർജി തീർപ്പാക്കി റിട്ട് ഹർജി 39512/2025 ന്മേലുള്ള 24/10/2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ഷെറിൻ ആനി ജോസഫ് റ്റി.എസ്.എ. (മലയാളം), എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. മാരാമൺ, പത്തനംതിട്ട.
മാനേജർ, എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. മാരാമൺ, പത്തനംതിട്ട.
ഹെഡ്മാസ്റ്റർ/വൈസ് പ്രിൻസിപ്പൽ, എ.എം.എം.റ്റി.റ്റി.ഐ. & യു.പി.എസ്. മാരാമൺ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ്. (22.06.2026 ലെ **GE-JA3/201/2026-G.EDN** പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/170/2025-പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Signed by
Aji Kumar R
Date: 07-07-2026 10:37:53